**STATE INSTITUTE OF TECHNICAL TEACHERS TRAINING & RESEARCH**
Directorate of Technical Education, Govt. of Kerala
HMT Junction, Kalamassery, Kochi – 683 104
*E-mail: sitttr@gmail.com*
***Phone: 0484 2542355*** Web: www.sitttrkerala.ac.in

No.SITTTR/133/2025 — P3 16.08.2025

**പരിപത്രം**

**പോളിടെക്നിക് ലാറ്ററൽ എൻട്രി ഡിപ്ലോമ 2025-26 - ഒഴിവുള്ള സീറ്റുകളിലേക്കു നേരിട്ടുള്ള പ്രവേശനം**

സൂചന: 1. 14/08/2025 തീയതിയിലെ DTETVM/3366/2025-C2 (ACA) നമ്പർ കത്ത്
2. GO(Rt) No. 580/2025/HEdn, Thiruvananthapuram dated 13/05/2025

മേൽ സൂചകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2025-26 അദ്ധ്യയന വർഷത്തിലെ സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ/എയ്ഡഡ്/Govt. Cost Sharing (IHRD/CAPE/LBS)/ സ്വാശ്രയ പോളിടെക്നിക് കോളേജുകളിലെ പോളിടെക്നിക് ഡിപ്ലോമ രണ്ടാം വർഷത്തിലേയ്ക്ക് നേരിട്ടുള്ള ലാറ്ററൽ എൻട്രി പ്രവേശനത്തിനായി ഒഴിവുള്ള സീറ്റുകളിലേക്കു **പുതിയ അപേക്ഷകൾ ക്ഷണിച്ച് അത് ലഭിയ്ക്കുന്ന മുറയ്ക്ക് പ്രവേശനം നടത്തി 15/09/2025 തീയതിക്കുള്ളിൽ പ്രവേശനം പൂർത്തീകരിക്കേണ്ടതാണ്.**

1 . ഒഴിവുകൾ നികത്തുന്നതിനായി നിലവിലെ റാങ്ക് ലിസ്റ്റിലെ അപേക്ഷകരുടെ അഭാവത്തിൽ നിലവിൽ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തവർക്കും 18.08.2025 മുതൽ പുതുതായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. പുതുതായി അപേക്ഷ സമർപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ സ്ഥാപനത്തിൽ നേരിട്ട് ഹാജരായോ, അല്ലെങ്കിൽ www.polyadmission.org/let എന്ന അഡ്മിഷൻ പോർട്ടലിലെ ഹോം പേജിൽ ലഭ്യമായിട്ടുള്ള One Time Registration എന്ന ലിങ്ക് വഴി രജിസ്ട്രേഷൻ പൂർത്തിയാക്കി ഓൺലൈനായി ഫീസ് അടച്ചതിനു ശേഷം ലഭിക്കുന്ന രജിസ്ട്രേഷൻ നമ്പർ ഉപയോഗിച്ച് Candidate login link വഴി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

2. നിലവിലുള്ള റാങ്ക് ലിസ്റ്റിലേക്ക് പുതുതായി ലഭിക്കുന്ന അപേക്ഷകൾ റീ-റാങ്ക് ചെയ്ത് ഉൾപ്പെടുത്തി പ്രവേശന നടപടികൾ പൂർത്തീകരിക്കേണ്ടതാണ്. നിലവിൽ അഡ്മിഷൻ ലഭിച്ചവരിൽ സ്ഥാപന മാറ്റമോ ബ്രാഞ്ച് മാറ്റമോ ആഗ്രഹിക്കുന്നവർക്കും, പുതിയതായി അഡ്മിഷൻ നേടാൻ ആഗ്രഹിക്കുന്നവർക്കും പങ്കെടുക്കാവുന്നതാണ്. നിലവിൽ പോളിടെക്നിക് കോളേജിൽ അഡ്മിഷൻ ലഭിച്ചിട്ടുള്ള അപേക്ഷകനാണെങ്കിൽ അഡ്മിഷൻ സ്ലിപ്പും, ഫീസ് അടച്ച രസീതും ഹാജരാക്കിയാൽ മതിയാകും. സ്വാശ്രയ പോളിടെക്നിക് കോളേജുകളിലെ മാനേജ്മെന്റ് ക്വാട്ട സീറ്റുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ സർട്ടിഫിക്കറ്റുകളുടെ പകർപ്പും, അഡ്മിഷൻ സ്ലിപ്പും ഫീസ് അടച്ചതിന്റെ രസീതും അസ്മിഷൻ ലഭിച്ചതിന്റെ രേഖകളും ഹാജരാക്കേണ്ടതാണ്.

3. മേൽപറഞ്ഞ രീതിയിലുള്ള ഡിപ്ലോമ പ്രവേശനവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ 15/09/2025 നു 5pm നു മുൻപ് പൂർത്തീകരിക്കേണ്ടതും വിദ്യാർഥികളുടെ Name, DOB, Mobile Number എന്നിവ കൃത്യമാണെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. അന്നു തന്നെ അഡ്മിഷൻ ഡാറ്റ SBTE പോർട്ടലിലേക്ക് കൈമാറേണ്ടതിനാൽ പിന്നീട് തിരുത്തലുകൾക്ക് അവസരം ലഭിക്കുന്നതല്ല.

5. ക്ലാസ്സുകൾ നേരത്തെ തുടങ്ങിയിട്ടുള്ളതാണെന്നും, സാങ്കേതിക പരീക്ഷ കണ്ട്രോളർ നിശ്ചയിക്കുന്ന സമയക്രമം പ്രകാരം സെമസ്റ്റർ പരീക്ഷകൾ നടക്കുമെന്നുമുള്ള വസ്തുത മനസ്സിലാക്കിയതിനുശേഷം മാത്രമാണ് പ്രവേശനം നേടുന്നതെന്നുമുള്ള അപേക്ഷകനും രക്ഷകർത്താവും ഒപ്പിട്ട സത്യവാങ്മൂലം പുതുതായി പ്രവേശനം നേടുന്ന അപേക്ഷകരിൽ നിന്ന് വാങ്ങി സൂക്ഷിക്കേണ്ടതാണ്.

നിലവിൽ ലഭ്യമായ ഒഴിവുകൾ പോളിടെക്നിക് കോളേജ് അടിസ്ഥാനത്തിൽ www.polyadmission.org/let എന്ന വെബ്സൈറ്റിലെ Vacancy Position എന്ന ലിങ്ക് വഴി മനസ്സിലാക്കാവുന്നതാണ്.

ജോയിന്റ് ഡയറക്ടർ

**Signed by Cinimole K G**
**Date: 16-08-2025 15:54:19**